(സി) നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത സിദ്ധ/പാരമ്പര്യ വൈദ്യൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു ഏകീകൃത മെഡിക്കൽ ബില്ല് നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയും പ്രസ്തുത നിയമത്തിൽ പാരമ്പര്യ വൈദ്യൻമാർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ നിലനിർത്തി പ്രസ്തുത കരട് നിയമം നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടണ പ്രദേശങ്ങളിലെ ശുചീകരണം

21 [*288] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടണ പ്രദേശങ്ങളിലെ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യാനും, പട്ടണങ്ങൾ വൃത്തിയായി സംരക്ഷിക്കുവാനും നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) മാലിന്യങ്ങൾ സ്രോതസ്സിൽനിന്ന് തരംതിരിച്ചുള്ള ശേഖരണം, തറയിൽ വീഴാതെയുള്ള സംഭരണം, യഥാസമയമുള്ള നീക്കം ചെയ്യൽ, അനുയോജ്യമായ പ്ലാന്റ് സ്ഥാപിച്ച് മാലിന്യങ്ങൾ സംസ്കരിക്കുക, അവശേഷിക്കുന്ന മാലിന്യങ്ങളുടെ സാനിട്ടറി ലാന്റ് ഫില്ലിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഓരോ നഗരസഭയിലും ഒരു സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും ടി പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുമായി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുക്കുകയും പ്രസ്തുത മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്നതിനും സഹായിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഭാഗികമായ സാമ്പത്തിക സഹായം ക്ലീൻ കേരള മിഷൻ വഴി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ദേശീയ സ്ഥാപനമാക്കാൻ നടപടി

22 [*289] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ ഒരു ദേശീയ സ്ഥാപനമായി വളർത്തിക്കൊണ വരുന്നതിന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഇതു നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

(സി) പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും, മുന്നറിയിപ്പു നൽക ന്നതിനും ഈ സ്ഥാപനത്തിൽ നിലവിൽ സംവിധാനമുണ്ടോ ;

(ഡി) ഈ സ്ഥാപനത്തെ വിപുലീകരിച്ച് സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ ഒരു വിജ്ഞാന കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ഗവേഷകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിനെ ദേശീയ നിലവാരമുള്ള സ്ഥാപനമായ ഉയർത്തുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതിയിനത്തിലും മറ്റു ബാഹ്യ ഏജൻസി കളുടെ ധനസഹായം വഴിയും ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ഗവേഷണ സൗകര്യങ്ങ പരിപോഷിപ്പിക്കുന്നതിനും അതുവഴി കാലിക പ്രാധാന്യമുള്ള ഭൗമശാസ്ത്രപരമാ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ കഴിഞ്ഞ രണ്ടു വർഷമായ നടന്നുവരുന്നുണ്ട്.

(സി) പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള സംവിധാന സെസ്സിൽ നിലവിലുണ്ട്. ഭൂചനലം, ഉരുൾപൊട്ടൽ, ഇടിമിന്നൽ എന്നിവയുടെ പ്രവചന സാദ്ധ്യത കുറവാണ്.

(ഡി) നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) സെസ്സിന്റെ ഗവേഷണ ആവശ്യങ്ങൾ പഠിച്ചതിനുശേഷം ആവശ്യമുള്ളപക്ഷം ഗവേഷകരെ നിയമിക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

ക്യാൻസർ ബാധിച്ചവർക്ക് സൗജന്യ ചികിത്സാസഹായം നൽകാൻ നടപടി

23 [*290] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള ചികിത്സ വളരെ ചെലവേറിയ സാഹചര്യത്തിൽ, ടി രോഗബാധിതർക്ക് സാമ്പത്തിക സഹായമോ സൗജന്യ ചികിത്സയോ നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) റേഡിയോളജി വിഭാഗം എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ഉടൻ ആരം ഭിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ ;

LIBRARY ARCHIVES Kerala Legislative Assembly